**പതിമൂന്നാം കേരള നിയമ സഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5485

01 - 07 - 2014-ലെ മറുപടിക്ക്

## അക്ഷയ കേന്ദ്രങ്ങൾ വഴി ലഭിക്കുന്ന സർട്ടിഫിക്കറ്റുകളുടെ ആധികാരികത

**ചോദ്യം**

**ശ്രീ. പി. തിലോത്തമൻ**

എ) അക്ഷയ കേന്ദ്രങ്ങൾ വഴി ലഭിക്കുന്ന സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുവാനും സർട്ടിഫിക്കറ്റുകളിൽ കൃത്രിമം നടക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുവാനും എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; അക്ഷയ കേന്ദ്രങ്ങൾ വഴി ഡൗൺലോഡ് ചെയ്ത് നൽകുന്ന സർട്ടിഫിക്കറ്റുകളിൽ കൃത്രിമം നടന്ന ഏതെങ്കിലും സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നു പറയാമോ;

(ബി) ആലപ്പുഴ ജില്ലയിലെ പാണ്ടനാട് വില്ലേജ് ഓഫീസ് പരിധിയിലുള്ള ഒരു അക്ഷയ കേന്ദ്രത്തിൽ നിന്നും ഡൗൺലോഡ് ചെയ്ത് നൽകിയ വരുമാന സർട്ടിഫിക്കറ്റിൽ വില്ലേജ് ഓഫീസർ നൽകിയതല്ലാത്ത വിവരങ്ങൾ ഉൾപ്പെട്ടുവെന്ന സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) അക്ഷയ കേന്ദ്രങ്ങളിലൂടെ കൃത്രിമമായി സർട്ടിഫിക്കറ്റുകൾ ഉണ്ടാക്കാമെന്ന് ഇത്തരം സംഭവങ്ങൾ തെളിയിക്കുന്നതിനാൽ എന്തെല്ലാം മുൻകരുതലുകൾ റവന്യൂ വകുപ്പ് എടുക്കുമെന്ന് പറയാമോ?

**മറുപടി**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**

**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) (ബി) & (സി) അക്ഷയ കേന്ദ്രം വഴി ലഭിച്ച സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നതായി ഒരു ആരോപണം ആലപ്പുഴ ജില്ല കളക്ടർ അറിയിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ പാണ്ടനാട് വില്ലേജ് ഓഫീസ് പരിധിയിലുള്ള ഒരു അക്ഷയ കേന്ദ്രത്തിൽ നിന്നും ഡൗൺ ലോഡ് ചെയ്തു നൽകിയ വരുമാന സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നതായതാണ് ആരോപണം. ടി ആരോപണം ഉയർന്നയുടൻ തന്നെ ജില്ല അക്ഷയ സെന്ററിൽ നിന്നു ബന്ധപ്പെട്ട അക്ഷയ സംരംഭകയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത സർട്ടിഫിക്കറ്റിന്റെ പകർപ്പ് ജില്ലാ പോലീസ് മേധാവിക്ക് അന്വേഷണത്തിനും നിയമപരമായ അനന്തര നടപടികൾക്കുമായി അയച്ചു കൊടുത്തിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് വഴി ലഭ്യമാകുന്ന സർട്ടിഫിക്കറ്റിൽ എന്തെങ്കിലും കൃത്രിമം നടത്തി എന്ന് ബോധ്യപ്പെട്ടാൽ; ഡിജിറ്റൽ സിഗ്നേച്ചറോടു കൂടി ഹാജരാക്കിയ സർട്ടിഫിക്കറ്റുകൾ http:// edistrict.kerala.gov.in/ എന്ന ലിങ്ക് സന്ദർശിച്ച് സർട്ടിഫിക്കറ്റ് നമ്പറും സെക്യൂരിറ്റി കോഡും ഉപയോഗിച്ച് അതിന്റെ ആധികാരികത ഉറപ്പാക്കാവുന്നതാണെന്നും അല്ലെങ്കിൽ 155300 from BSNL Land line), 0471 155300 (fromBSNL mobile), 0471 2335523/0471 2115094/ 0471 2115098) എന്ന നമ്പരിൽ വിളിച്ച് ടി സർട്ടിഫിക്കറ്റ് നമ്പർ നൽകിയാൽ എല്ലാ വിശദാംശവും ലഭ്യമാകുന്നതുമാണ്. ഒരു മുൻകരുതൽ എന്ന നിലയിൽ ഡിജിറ്റൽ സിഗ്നേച്ചറോടു കൂടി ലഭ്യമാകുന്ന എല്ലാ സർട്ടിഫിക്കറ്റുകളിലും ടി വിവരം അതിന്റെ ചുവടെ ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ